**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **16-09-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യകേന്ദ്രങ്ങളോട് അനുബന്ധിച്ച് ഐസൊലേഷൻ വാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021-ന് ശേഷം സംസ്ഥാനത്തെ ആരോഗ്യകേന്ദ്രങ്ങളോട് അനുബന്ധിച്ച് എത്ര ഐസൊലേഷൻ വാർഡുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ; | (എ) | ആദ്യ ഘട്ടത്തിൽ ഐസോലേഷൻ വാർഡുകൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്ന 90 സ്ഥലങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയ 88 സൈറ്റുകളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നത്. നിലവിൽ 55 സ്ഥലങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ആരംഭിക്കാൻ തീരുമാനിച്ചിരുന്നതിൽ ഇനി 33 സൈറ്റുകളിൽ നിർമ്മാണം പൂർത്തിയാക്കാനുണ്ട്. നിർമ്മാണ പ്രവൃത്തിയുടെ കരാർ ഏജൻസിയ്ക്ക് കരാർ പ്രകാരമുള്ള സമയപരിധിയ്ക്കകം നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ കരാർ കാലാവധി ഉപാധികളോടെ ദീർഘിപ്പിച്ചുനൽകിയതിനാൽ പ്രവർത്തികൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (ബി) | ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | മറുപടി പിരിവ് എ യിൽ ചേർത്തിരിക്കുന്നു |
| (സി) | വാമനപുരം മണ്ഡലത്തിൽ പാലോട് കുടുംബാരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (സി) | വാമനപുരം മണ്ഡലത്തിൽ പാലോട് കുടുംബാരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം 52.5% പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇനി എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത കേന്ദ്രത്തിൽ പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | ഇ.പി.എസ് വാൾ പാനൽ വർക്ക്, ഫാൾസ് സീലിംഗ് വർക്ക്, ടൈൽ വർക്ക്, ഇലക്ട്രിഫിക്കേഷൻ വർക്ക്, കൂടാതെ മറ്റ് ഫിനിഷിംഗ് വർക്കുകളും പ്രസ്തുത സൈറ്റിൽ പൂർത്തീകരിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ